## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.. 1267

12 -07- 2011-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## മണിചെയിൻ തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ടൈക്കൂൺ എമ്പയർ ഇന്റർനാഷണൽ ലിമിറ്റഡ് എന്ന പേരിൽ മണി ചെയിൻ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (എ) 20 കേസുകൾ (23.06.2011 വരെ) രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എത്ര പേർ പിടിയിലായെന്നും അവരുടെ പേര് വിവരവും വെളിപ്പെടുത്തുമോ ; | (ബി) 49 പ്രതികളിൽ 12 പേർ അറസ്റ്റിലായിട്ടുണ്ട്. (23.06.2-11 വരെ). വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പിടിയിലായവരുടെ കൂട്ടത്തിൽ സർക്കാർ ഉദ്യോഗസ്ഥരുണ്ടോ യെന്നും അവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (സി) മണിചെയിൻ തട്ടിപ്പു കേസുകളിൽ പോലീസ് ഉദ്യോഗസ്ഥരും സേനാംഗങ്ങളും ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി സംസ്ഥാനപോലീസിലെ എല്ലാ സേനാംഗങ്ങളും, ഉദ്യോഗസ്ഥരും അവരവരുടെ വരുമാനത്തെ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാന പോലീസ് മേധാവിയ്ക്ക് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം തട്ടിപ്പു |

കളിൽ നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള പോലീസ് സേനാംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കുമെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) മണിചെയിൻ ഇടപാട് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

(ഡി) മണി ചെയിൻ തട്ടിപ്പ് സംബന്ധമായി സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്ന എല്ലാ കേസുകളും സി.ബി.സി.ഐ.ഡി (Economic Offence Wing ) യ്ക്ക് കൈമാറുവാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്) - നെ ഏൽപിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും ഇത് റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ് സൈറ്റുകൾ, സെർവറുകൾ , കമ്പ്യൂട്ടറുകൾ, എസ്.എം.എസുകളുടെ ഉറവിടങ്ങൾ എന്നിവ കണ്ടെത്തുവാനായി പോലീസ് ആസ്ഥാനത്തെ ഹൈ- ടെക് സെല്ലും , ജില്ലകളിലെ സൈബർ സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ

ജനങ്ങളെ ബോധവൽക്കരിക്കുന്നതി-
നായി നടപടികൾ എടുത്തിട്ടുണ്ട്.
കൂടാതെ ഇത്തരം തട്ടിപ്പുകൾ
നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട
നടപടികൾ നിഷ്കർഷിച്ചു കൊണ്ട്
എല്ലാ ജില്ലാ പോലീസ് മേധാവിക
ൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ